**പതിമൂന്നാം കേരളനിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 610**

**12-06-2012 - ൽ മറുപടിക്ക്**

## വിവരസാങ്കേതിക മേഖലയുടെ വളർച്ച

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ :<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :<br>ശ്രീ. വി.റ്റി. ബൽറാം :<br>ശ്രീ. ബെന്നി ബെഹനാൻ : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) ഐ.റ്റി. രംഗത്തെ വളർച്ചയ്ക്കായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ; | (എ) ഐ.ടി.മേഖലയിൽ കൂടുതൽ നിക്ഷേപം കൊണ്ടുവരുന്നതിന്റെ ഭാഗമായി പുതിയ ഐ.ടി നയത്തിന്റെ കരട് പ്രസിദ്ധപ്പെടുത്തി. ടെക്നോപാർക്കിന്റെ Phase II, Phase III, കൊല്ലം ടെക്നോപാർക്ക്, ടെക്നോസിറ്റി എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും തയ്യാറാക്കി. കോഴിക്കോട് സൈബർ പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. ചേർത്തലയിലുള്ള ഇൻഫോപാർക്കിന്റെ നിർമ്മാണം പൂർത്തീകരിച്ചു. കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിൽ ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു. കേരളത്തിൽ കണ്ണൂരും പാലക്കാടും ദേശീയ ഇ-ഗവേർണൻസ് പദ്ധതിയുടെ ഭാഗമായി ഇ-ഡിസ്ട്രിക്ട് പദ്ധതി വിജയകരമായി നടപ്പിലാക്കി വരുന്നു. ഇ-ഡിസ്ട്രിക്ട് പദ്ധതി കേരളം മുഴുവൻ വ്യാപിക്കുന്നതിനായി കേന്ദ്ര സർക്കാർ തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. പൊതുഭരണ രംഗത്ത് സുതാര്യതയും കാര്യക്ഷമതയും ഉറപ്പു വരുത്തുന്നതിനു വേണ്ടി വിവിധ സർക്കാർ വകുപ്പു കളിൽ ഇ-സംഭരണ സംവിധാനം ദേശീയ ഇ-ഗവേണൻസ് പദ്ധതി പ്രകാരം നാഷണൽ ഇൻഫർമാറ്റിക് സെന്ററിന്റെ സാങ്കേതിക സഹകരണത്തിൽ ഏർപ്പെടുത്തുന്നു. |
| (ബി) പ്രധാനപ്പെട്ട നഗര ങ്ങൾ കേന്ദ്ര മാക്കി ഐ.റ്റി. വ്യവസായ സോണുകൾ തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ; | (ബി) ഇല്ല. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിൽ ഐ.റ്റി. പാർക്കുകൾ സ്ഥാപി ക്കുന്ന കാര്യം ആലോചനയിലുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | സാധാരണക്കാരന്റെ ജീവിത നിലവാരം ഉയർത്തുന്ന വിധത്തിൽ ഐ.റ്റി. വികസനത്തിന് രൂപം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ ? | (ഡി) | സംസ്ഥാനത്തെ ഐ.ടി. പാർക്കുകളുടെ പ്രവർത്തന ഫലമായി ദേശീയ-അന്തർദേശീയ കമ്പനികൾ ഇവിടെ പ്രവർത്തിച്ച് തുടങ്ങുകയും അതുവഴി സാമ്പത്തിക വളർച്ച, ആരോഗ്യം, വിദ്യാഭ്യാസം, താമസസൗകര്യം, സുരക്ഷ, വാർത്താവിനിമയ സൗകര്യങ്ങൾ ഉൾപ്പെടെയുള്ള മെച്ചപ്പെട്ട ജീവിത നിലവാരത്തിൽ വൻപുരോഗതി ഉണ്ടായിട്ടുണ്ട്. ഇപ്രകാരം ഇപ്പോൾ ഐ.ടി. ആന്റ് ഐ.ടി. ഇതര മേഖലകളിൽ നേരിട്ടുള്ള തൊഴിലവസരങ്ങളിലൂടെയും സർവ്വീസ് സെക്ടറിൽ പരോക്ഷമായി വേണ്ടി വരുന്ന ആവശ്യങ്ങൾക്ക് നേരിട്ടുള്ള തൊഴിലിന്റെ കുറഞ്ഞത് മൂന്ന് ഇരട്ടിയിലധികം തൊഴിലാളികൾ പണിയെടുക്കുന്നതിലൂടെയും സാധാരണക്കാരന്റെ ജീവിതനിലവാരം ഉയർത്തുവാൻ കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ആഫീസർ.